## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1905** **05-07-2022 - ൽ മറുപടിയ്ക്ക്**

## ഏറനാട് ഹാച്ചറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തി ആരംഭിച്ച ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആർ.കെ.വി.വൈ പദ്ധതി പ്രകാരമുള്ള ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. കുടിവെള്ളം, വൈദ്യുതി, ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല, കൂടാതെ ഹാച്ചറിയിലേയ്ക്കാവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്; അറിയിക്കുമോ; | (ബി) | 2580 സ്ക്വയർ ഫീറ്റുള്ള ലയർ ഷെഡ് സജ്ജീകരിക്കുന്നതിലൂടെ ആഴ്ചതോറും 1725 കോഴികുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുവാൻ സാധിക്കും. നിർമാണ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. തുടർ നിർമാണം ആവശ്യമുണ്ട്. |
| (സി) | പൂർണ്ണമായും പ്രവർത്തന സജ്ജമാകുമ്പോൾ എന്തെല്ലാം സൗകര്യങ്ങൾ ഇവിടെ ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ; | (സി) | ആഴ്ചതോറും 1725 കോഴികുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുവാൻ സാധിക്കും. നിലമ്പൂർ, പെരിന്തൽമണ്ണ, താലൂക്കിലെ മുട്ടക്കോഴി ലഭ്യത ഉറപ്പ വരുത്താനാകും. |
| (ഡി) | രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായുള്ള ചർച്ചകൾ നടന്നു വരുന്നു. |
| (ഇ) | മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ? | (ഇ) | ഹാച്ചറിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. സ്പെഷ്യൽ ആഫീസറെ നിയമിച്ച് ഉത്തരവായി. ഭാവി പരിപാടികൾക്കു വേണ്ടി മാർഗ്ഗരേഖ രൂപീകരിക്കുകയും അതിൻപ്രകാരം നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ